**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **05-07-2022 - ൽ മറുപടിയ്ക്ക്**

**പഴം പച്ചക്കറി വർഗ്ഗങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി കൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഇത്തരം പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്താൻ സംസ്ഥാനത്ത് ഒരു ഏകീകൃത വില നിർണ്ണയം ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പ്രധാന 16 വിളകളുടെ അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പഴം പച്ചക്കറി വർഗ്ഗങ്ങളാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; | (സി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് ആവശ്യകതയുടെ 80.05 % ആണ്.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയും, ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയും, ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതിയും ഉൾപ്പെടെ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികളും സംയോജിപ്പിച്ച് പതിനാലാം പഞ്ചവത്സര കാലയളവിൽ സംസ്ഥാനത്ത് പഴം , പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. |
| (ഡി) | സംസ്ഥാനം പഴം ,പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എപ്പോൾ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് ആവശ്യകതയുടെ 80.05 % ആണ്.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയും, ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയും, ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതിയും ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികളും സംയോജിപ്പിച്ച് പതിനാലാം പഞ്ചവത്സര കാലയളവിൽ സംസ്ഥാനത്ത് പഴം , പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ